കൊല്ലം തന്നെ പ്രവർത്തനം ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കൊല്ലയിൽ പ്രാഥമികാരോഗ്യകേന്ദ്രം പ്രവർത്തിക്കുന്നുണ്ടെങ്കിലും 10 കിടക്കകളുള്ള വാർഡ് പ്രവർത്തനം തുടങ്ങിയിട്ടില്ല. ചെങ്കൽ, കുളത്തൂർ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ വാർഡ് പണി പൂർത്തിയായെങ്കിലും വൈദ്യുതീകരണം നടത്തിയിട്ടില്ല. കുളത്തൂർ പ്രാഥമികാരോഗ്യകേന്ദ്രത്തിൽ കൂടുതൽ തസ്തിക സൃഷ്ടിക്കുന്ന കാര്യം പരിശോധനയിലാണ്. പരണിയം പ്രാഥമികാരോഗ്യകേന്ദ്രത്തിന് വേണ്ടിയുള്ള കെട്ടിടനിർമ്മാണം പൂർത്തിയായെങ്കിലും വെള്ളവും വെളിച്ചവും ലഭ്യമാക്കിയിട്ടില്ല.

(ബി) ഫർണിച്ചർ, വൈദ്യുതി, വെള്ളം എന്നിവ ലഭ്യമാക്കേണ്ടത് ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ചുമതലയാണ്. വാർഡ് പ്രവർത്തനം തുടങ്ങുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിക്കഴിഞ്ഞാൽ തസ്തിക സൃഷ്ടിക്കുന്നതിനായുള്ള നിർദ്ദേശം നിലവിലുള്ള മാനദണ്ഡമനുസരിച്ചും, ധനലഭ്യതയനുസരിച്ചും പരിശോധിക്കുന്നതാണ്.

നെല്ലിക്കൽ പ്രാഥമികാരോഗ്യ കേന്ദ്രം

154(865) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു വർഷത്തിൽ കൂടുതലായി നിർമ്മാണം പൂർത്തിയായി കിടക്കുന്ന ആറൻമുള നിയോജക മണ്ഡലത്തിലെ കോയിപ്രം പഞ്ചായത്തിൽ നെല്ലിക്കൽ പ്രാഥമികാരോഗ്യ കേന്ദ്രത്തിനു വേണ്ടി നിർമ്മിച്ചിട്ടുള്ള പുതിയ കെട്ടിടം തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) കെട്ടിടം തുറന്ന് പ്രവർത്തിക്കുന്നതിന് കൂടുതലായി വേണ്ടി വരുന്ന ജീവനക്കാരെ നിയമിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ;

(സി) ഇതു സംബന്ധിച്ച് എന്തെങ്കിലും പ്രൊപ്പോസൽ സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത കെട്ടിടം എത്രയും പെട്ടെന്ന് തുറന്ന് പ്രവർത്തിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ മുതൽ ഡി വരെ) കോയിപ്രം പഞ്ചായത്തിലെ നെല്ലിയ്ക്കൽ എന്ന സ്ഥലത്ത് കോയിപ്രം പ്രാഥമികാരോഗ്യ കേന്ദ്രം പ്രവർത്തിച്ചു വരുന്നു. പ്രസ്തുത പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ പുതിയ വാർഡ് പ്രവർത്തിപ്പിക്കുന്നതിനായി അധിക തസ്തിക സൃഷ്ടിക്കുവാനുള്ള നിർദ്ദേശം പരിഗണിച്ചുവരികയാണ്. സാമ്പത്തിക വ്യയ നിയന്ത്രണ ചട്ടങ്ങളിൽ അയവ് വരുത്തുന്ന മുറയ്ക്ക് അനുവദനീയമായ തസ്തികകൾ സൃഷ്ടിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly